**പതിനാലാം കേരള നിയമസഭ**
**പതിനാൻപതാം സമ്മേളനം**

**2020 മാർച്ച് 03, ചൊവ്വ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ്പ് പദ്ധതി**

**ചോദ്യം : 459**
**ശ്രീ.പി.കെ.ബഷീർ**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പ് നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ; | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15.07.2019 ലെ സ.ഉ(പി)നം.87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. റീ ടെൻഡറിനു മുന്നോടിയായി 15.07.2019 ലെ സ.ഉ(പി)നം 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ / സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തുടർ നടപടികളുടെ ഭാഗമായുള്ള റീ-ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതായിരിക്കും. |
| (ബി) | പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | |
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്നും സർക്കാർ പിന്മാറിയോ; വിശദാംശം വെളിപ്പെടുത്തുമോ; | |
| (ഡി) | പിന്മാറിയില്ലെങ്കിൽ നടപടി ക്രമങ്ങൾ വേഗത്തിലാക്കി സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**